## മാഹിയിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യ -സാമ്പത്തീക ആരോഗ്യ പ്രശ്നങ്ങൾ: അവലോകന റിപ്പോർട്ടും പ്രശ്ന പരിഹാരത്തിനുള്ള അപേക്ഷയും

## സമർപ്പിക്കുന്നത്

Institute of Behavioral Health and Social Sciences,STERT NGO, **മാഹിയിലെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെ കൂട്ടായ്മകളും സംയുക്തമായി**

മാഹി: Institute of Behavioral Health and Social Sciencesന്റെ നേതൃത്വത്തിൽ സബർമതി ട്രസ്റ്റ്, ലയൺസ് ക്ലബ്ബ് മാഹി, സെന്റർ ഫോർ ഡിസേബിലിറ്റിസ് & ജറന്റോളജി റിസർച്ച് (CDGR), മാഹിയിലെ ഭിന്നശേഷിക്കാരുടെയും അവരുടെ രക്ഷിതാക്കളുടെയും സംഘടനയായ ആപ്ത, (Association for Parents and Person with Differently Abled - APPDA, Mahe) വിവിധ എൻ.ജി.ഒകൾ എന്നിവയുടെ സഹകരണത്തോടെ മാഹിയിലെ ഭിന്നശേഷിക്കാർക്കായി നടത്തിയ സാമൂഹ്യ-സാമ്പത്തീക-ആരോഗ്യ സർവ്വേയും ഗൃഹസന്ദർശനവും പൂർത്തിയായി.

2019ൽ : Institute of Behavioral Health and Social Sciences, STERT NGOന്റെ സഹകരണത്തോടെ വാർഡ് 9 മുതൽ 14 വരെ ഉള്ള ഭിന്നശേഷിക്കാർക്കായി നടത്തിയ ഒന്നാം ഘട്ട സർവ്വേയിൽ 112 പേരിൽ നിന്ന് നേരിട്ടും വിവിധ സ്ഥാപനങ്ങൾ വഴി 65 പേരിൽ നിന്നും വിവരശേഖരണം നടത്തി. കൂടാതെ പുതുച്ചേരി വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ ഹാന്റികേപിഡിന്റെ ആഭിമുഖ്യത്തിൽ മാഹിയിലെ ഭിന്നശേഷിക്കാർക്ക് നാഷണൽ ട്രസ്റ്റ് ആക്ടിനെ കുറിച്ച് സെമിനാർ നടത്തുകയും നാഷണൽ കരിയർ സർവ്വീസ് സെന്ററിൽ യോഗ്യരായ ഭിന്നശേഷിക്കാരെ രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് ഡോ.മഹേഷ് പള്ളൂർ, കെ കെ വത്സൻ, ടി ശ്രീനിവാസൻ, മുനവർ പന്തക്കൽ, ദിവ്യ ജോസഫ്, എ.സാവിത്രി, ശിവൻ തിരുവങ്ങാടാൻ എന്നിവരുടെ നേതൃത്വത്തിൽ അന്നത്തെ മാഹി റീജിയണൽ അഡ്മിനിസ്ട്രേറ്ററായ അമൻ ശർമയ്ക്കും എം.എൽ.എ ആയിരുന്ന ഡോ. വി.രാമചന്ദ്രനും സർവ്വേ റിപ്പോർട്ട് സമർപ്പിക്കുകയും ഭിന്നശേഷിക്കാർക്ക് ലഭ്യമായിക്കൊണ്ടിരുന്ന ക്ഷേമ പദ്ധതികൾ പുനഃസ്ഥാപിക്കണമെന്നും വർഷങ്ങൾക്ക് മുൻപ് നൽകിയ വൈലക്യ സർട്ടിഫിക്കറ്റുകൾ പുതുക്കി നൽകണമെന്നും ഭിന്നശേഷിക്കാർക്ക് മാത്രമായുള്ള യു.ഡി.ഐ.ഡി.കാർഡ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. മാഹിയിലെ മുഴുവൻ വാർഡുകളിൽ നിന്നും വിവരശേഖരണം നടത്താൻ റീജിയണൽ അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെ പെട്ടത് പ്രകാരം ഒന്നുമുതൽ എട്ട് വരെയുള്ള വാർഡുകളിൽ സർവ്വേ ചെയ്യാൻ അക്കാദമിയും ട്രസ്റ്റും തീരുമാനിച്ചു. കൊറോണയെ തുടർന്ന് ഒന്നു മുതൽ 8 വരെയുള്ള വാർഡുകളിൽ സർവ്വേ നടത്താൻ പിന്നീട് സാധിച്ചിരുന്നില്ല. എന്നാൽ 2022 ഏപ്രിലിൽ അഷിത ബഷീർ, ഷാജൻ എൻ, ലിസ്മി സജി, ജസ്ന ഫൈസൽ, ശൈലജ ഷാജൻ, റൂബി സുനിൽ, രാഖി രഘുനാഥ്, സീനത്ത് ഹംസ, സറീന എ. വി, എം.കലയരശു സവിത , രതി ചെറുകല്ലായി, എന്നിവരുടെ നേതൃത്വത്തിൽ സർവ്വേയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും മേൽപറഞ്ഞ വാർഡുകളിൽ സർവ്വേ നടത്തുകയും ചെയ്തു.50 പേരിൽനിന്ന് നേരിട്ടും വിവിധ സ്ഥാപനങ്ങൾ, ജെ.എൽ.ജികൾ എന്നിവ വഴി 75 പേരിൽ നിന്നും വിവരശേഖരണം നടത്തി.

ഭിന്നശേഷി സർവ്വേയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി മാഹിയിലെ ഭിന്നശേഷിക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പൊതുജനങ്ങൾ, സ്ഥലം എം .എൽ, എ), സാംസ്കാരിക സംഘടനകൾ, മാധ്യമങ്ങൾ എന്നിവരുടെ ശ്രദ്ധയിൽ പെടുത്താനായി Institute of Behavioral Health and Social Sciencesന്റെ നേതൃത്വത്തിൽ STERT NGO, ലയൺസ് ക്ലബ്ബ് മാഹി, സെന്റർ ഫോർ ഡിസേബിലിറ്റിസ് & ജറന്റോളജി റിസർച്ച് (CDGR) എന്നിവയുടെ സഹകരണത്തോടെ മാഹി സഹകരണ ബി.എഡ് കോളേജിൽ ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ശില്പശാലയിൽ പരാതിവഴിയും അല്ലാതെയും പ്രശ്നങ്ങൾ അവതരിപ്പിച്ച 90 പേരിൽ 60ൽ അധികം പേരെ നേരിൽ പോയി കാണുകയും സംസാരിക്കുകയും പരാതിയുടെ നിജ സ്ഥിതി മനസിലാക്കുകയും ചെയ്തു. ശില്പശാലയോടാനുബന്ധിച്ച് സെന്റർ ഫോർ ഡിസേബിലിറ്റീസ് & ജറന്റോളജി റിസർച്ചിന്റെ കീഴിൽ മാഹി മേഖലാ തലത്തിൽ ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കുമായി ഒരു അസോസിയേഷൻ രൂപീകരിക്കുകയുണ്ടായി. അസോസിയേഷൻ കൺവീനറായി എം. കലയരശുവിനെയും രക്ഷാധികാരികളായി സുരേഷ് ബാബു ചെറുകല്ലായി, ശിവൻ തിരുവാങ്ങാടാൻ എന്നിവരെയും ഭാരവാഹികളായി പത്മിനി കെ.പി (പ്രസിഡന്റ്) സജീർ സമീർ (സെക്രട്ടറി) സത്യഭാമ വളവിൽ (ട്രഷറർ) നിഷ സജീവൻ, ഹരിഷ്മ ചെറുകല്ലായി (വൈസ് പ്രസിഡന്റുമാർ) ആരിഫ കെ, സീമ സുരേഷ് (ജോ . സെക്രട്ടറിമാർ) ഭിന്നശേഷിക്കാരായ മുതിർന്ന പൗരന്മാരുടെ മെന്ററായി രജനി കെ .കെ എന്നിവരെയും തിരഞ്ഞെടുത്തു

ശിൽപശാലയിൽ പങ്കെടുത്ത 150 ൽ അധികം ഭിന്നശേഷിക്കാരിൽ 90 പേർ അവരുടെ ഇപ്പോഴത്തെ പ്രശ്നങ്ങളും അവരുടെ അത്യാവശ്യങ്ങളും പരാതിയായായി അക്കാഡമിയെയും ട്രസ്റ്റിനേയും അറിയിക്കുകയുണ്ടായി. മാഹിയിലെ ഭിന്നശേഷിക്കാർക്കായി നടത്തിയ സർവ്വേയിൽ നിന്നും ശില്പശാലയിൽ നിന്നും ഭിന്നശേഷിക്കാർ അനുഭവിക്കുന്ന 3 പ്രധാന പ്രശ്നങ്ങൾ ഇവയാണ്,

1. വർഷങ്ങൾ പഴക്കമുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റും ഭിന്നശേഷിയുടെ തോതും പുതുക്കി നൽകുക .
2. യു ഡി ഐ ഡി കാർഡ് ലഭ്യമാക്കുക
3. മുടങ്ങിപ്പോയ ക്ഷേമ പദ്ധതികൾ പുനഃസ്ഥാപിക്കുക

ക്ഷേമ പദ്ധതികൾ

1. Grant of Incentive for the marriage between differently abled and normal persons.
2. Grant of Financial Assistance to the Differently abled persons
3. Grant of 50% of fuel claim / payment of subsides on purchase of petrol / diesel
4. Grant of stipend to the differently abled trainees of the vocational training institutes
5. Payment of Transport Allowance to Differently Abled Persons.
6. Grant of Financial Incentive for the benefit of the Eye Donors.
7. Free Distribution of Rice to Differently Abled Persons.

8. Free supply of invalid carriages (Motorized Tri-cycle) to the Differently abled person.
9. Scholarship for differently abled persons
10. Reimbursement of Maintenance cost of Tricyle.
11. Free supply of sarees and dhothies to the differently abled persons.
12. Grant of State Award to the differently abled persons
13. Free supply of Prosthetic Appliances to the differently abled persons.
14. Extension of free bus travel to the differently abled.
15. Annual Tour to the differently abled persons.
16. Cash Award to the meritorious Differently Abled Persons (Visually Challenged Students) obtaining first three ranks at the State level in the SSLC examination
17. Group Insurance for Differently abled Government Employees:
18. Financial Assistance towards funeral expenses of the differently abled persons:
19. Issue of National Identity Card to the Differently abled persons:

മാനസിക വെല്ലുവിളി നേരിടുന്നവർ, ചലന വൈകല്യമുള്ളവർ, കാഴ്ച വൈകല്യമുള്ളവർ കേൾവി വൈകല്യമുള്ളവർ എന്നിവർക്കായി നടത്തിയ സർവ്വേയിൽ നിന്നും ഭിന്നശേഷിക്കാർക്ക് സാധുവായ മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവരുടെ എണ്ണം കൂടുതലാണെന്നും കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കുന്ന പല ക്ഷേമ പദ്ധതികളും മാഹിയിലെ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നില്ല എന്നതും ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിച്ചു.ഭിന്നശേഷിക്കാർക്ക് അവരുടെ മുടങ്ങിപ്പോയ ക്ഷേമ പദ്ധതികൾ പുനഃസ്ഥാപിച്ച് നൽകാനും കാലഹരണപ്പെട്ട ഡിസെബിലിറ്റി സർഫിക്കറ്റുകൾക്ക് പകരം പുതിയ സർട്ടിഫിക്കറ്റുകളും യു ഡി ഐ ഡി കാർഡുകളും ലഭ്യമാക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളമെന്നും ഇതിനാൽ അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

അഷിത ബഷീർ